<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1585</u> <u>01-02-2024 - ൽ മറുപടിയ്ക്ക്</u>

<u>വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന നടപടികൾക്കെതിരെയുള്ള നിയമനിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കഴക്കൂട്ടം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നടന്ന് വരുന്ന വ്യവഹാരത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | തിരുവനന്തപുരം താലൂക്ക് കഴക്കൂട്ടം വില്ലേജ് ബ്ലോക്ക് 11 റീസർവ്വെ 39/4(പഴയ സർവ്വെ 668, 670) ൽപ്പെട്ട ഭൂമിയുടെ അവകാശ തർക്കവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ സർക്കാർ ഫയൽ ചെയ്ത OP(C)-956/2023 നമ്പർ അപ്പീൽ കേസ് 11/10/2023-ൽ തീർപ്പാക്കി ഉത്തരവായിട്ടുള്ളതാണ്. |
| (ബി) | ശ്രീകാര്യം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത സ്ഥലം സംബന്ധിച്ച് ഹൈക്കോടതിയിൽ നടന്ന് വരുന്ന നിയമനടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | ശ്രീകാര്യം പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കണ്ടെത്തിയിരുന്ന ആറ്റിപ്ര വില്ലേജ് റീസർവ്വെ 350/2 ൽപ്പെട്ട 20 സെന്റ് ഭൂമി പോസ്റ്റൽ വകുപ്പിന് പട്ടയം ലഭിച്ച് പോസ്റ്റൽ വകുപ്പിന്റെ കൈവശത്തിൽ ഉണ്ടായിരുന്ന ഭൂമിയാണ്. പ്രസ്തുത പട്ടയം റദ്ദ് ചെയ്ത സർക്കാർ നടപടിക്കെതിരെ പോസ്റ്റൽ വകുപ്പ് ബഹു. കേരള ഹൈക്കോടതിയിൽ 1043/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും 24/07/2023-ലെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ നൽകി തൽസ്ഥിതി തുടരുന്നതുമാണ്. |
| (സി) | കോടതികളെ തെറ്റിദ്ധരിപ്പിച്ച്, വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന നടപടികൾക്കെതിരെ നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | നിയമനിർമ്മാണം നിലവിൽ പരിഗണനയിൽ ഇല്ല. എന്നാൽ ഇത് സംബന്ധിച്ച് കോടതി വ്യവഹാരങ്ങളിൽ സർക്കാർ ഭാഗം സംരക്ഷിക്കുന്നതിന് അഡ്വക്കേറ്റ് ജനറൽ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. സ്റ്റേ ഒഴിവാക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ